➪ കേരളമൊഴിച്ച് ലോകത്ത് മറ്റെവിടെയെങ്കിലും നടക്കുമോ എന്ന കാര്യം സംശയമാണ് ➪

# എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്?

സ്കൂൾ സ്ഥലവും കെട്ടിടവും അടങ്ങുന്ന റിയൽ എസ്റ്റേറ്റിന്റെ മതിപ്പു വിലയും, അധ്യാപക നിയമനത്തിലൂടെ തരമാകുന്ന കോഴപ്പണവും താരതമ്യം ചെയ്താണ് സ്കൂൾ നിലനിർത്തണമോ ഭൂമിയും കെട്ടിടവും വിറ്റു കാശാക്കണോ എന്ന തീരുമാനത്തിലേയ്ക്ക് ഉടമസ്ഥർ എത്തിച്ചേരുന്നത്. നിരങ്കുശമായ ഈ കച്ചവട സ്ഥിതിക്ക് നിരുപാധികം വഴങ്ങിക്കൊടുക്കണമോ എന്നത് കൃത്യമായ ഒരു രാഷ്ട്രീയ ചോദ്യമാണ്. ലാഭകരമല്ലാത്തതിനാൽ സ്കൂളുകൾ പൂട്ടുന്ന കാലത്തോട് ചില മറു ചോദ്യങ്ങൾ.

**■ സി. രാജഗോപാലൻ**

**നാട്ടുകാരനും** ചെറുപ്പക്കാരനുമായ പ്രവാസി സുഹൃത്തിനെ അടുത്ത കാലത്ത് വീണ്ടും കണ്ടുമുട്ടിയ വേളയിൽ കുശലപ്രശ്നങ്ങൾക്കിടയ്ക്ക് അവൻ ആ വിവരവും എന്നോട് പറഞ്ഞു. (വിജയശ്രീലാളിതനായെന്ന മട്ടിൽ) "രാജേട്ടാ ഞാൻ ഓളെ (ഭാര്യയെ) ഹയർസെക്കന്ററിയിൽ കേറ്റി. ഇരുപത്തഞ്ച് കൊടുക്കേണ്ടി വന്നു. ന്നാലും ലാഭല്ലേ കണക്കുകൂട്ടി നോക്ക്യാല്..?" അങ്ങനെയുള്ള ലാഭനഷ്ടക്കണക്കുകൂട്ടലുകളൊന്നും അത്രയ്ക്കു വശമില്ലാത്ത ഞാൻ അർത്ഥഗർഭമായ മൗനം പാലിക്കെ, ആ ഗർഭത്തിൻമേൽ തന്റെ മെച്ചപ്പെട്ട മോഡൽ വണ്ടി കയറ്റിയിറക്കി ചങ്ങാതി നിസ്സങ്കോചം തന്റെ ലക്ഷ്യത്തിലേക്കു കുതിച്ചു.

ബിരുദ ബിരുദാനന്തര ക്ലാസ്സുകളിൽ കോസ്റ്റിംഗും എക്കൗണ്ടൻസിയുമൊക്കെ ഇത്തിരി താത്പര്യത്തോടെ പഠിച്ച ഒരാളെന്ന നിലയിൽ അപ്പോൾ എന്റെ മനസ്സ് മറ്റൊരു കണക്കുകൂട്ടലിൽ കൗതുകം പൂണ്ടു. ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി 120ഓളം അധ്യാപകരുള്ള ആ സ്കൂളിൽ ഓരോ പുതിയ അധ്യാപക തസ്തികയ്ക്കും വിരമിക്കൽ വഴി ഉണ്ടാകുന്ന ഒഴിവിലും ഈകണക്കിൽ ശരാശരി 25 ലക്ഷം പണം വാങ്ങി നിയമിക്കുന്ന മാനേജർമാരുടെ വരുമാനം എത്രയായിരിക്കും?

അങ്ങാടിപ്പരസ്യത്തേക്കാൾ പരസ്യമെങ്കിലും ഇപ്പോഴും അരമനരഹസ്യമായി ഭംഗിയായി കൊണ്ടുനടക്കുവാൻ പഠിച്ചവരുടെ നാട്ടിലെ ഈ കച്ചവടം എന്തൊരു കച്ചവടമാണ്! രേഖയിലെങ്ങും കാണാനുണ്ടാവില്ലെങ്കിലും എല്ലാവർക്കും പരമ ബോധ്യമുള്ള ഈ വിദ്യാഭ്യാസക്കച്ചവടം കേരളമൊഴിച്ച് ലോകത്ത് മറ്റെവിടെയെങ്കിലും നടക്കുമോ എന്ന കാര്യം സംശയമാണ്. യഥാർത്ഥത്തിൽ ചൈനയിലെ വൻമതിലിനെക്കാളും ഇറ്റലിയിലെ ചരിഞ്ഞഗോപുരത്തെക്കാളും ഈഫൽ ടവറിനെക്കാളുമൊക്കെ വലിയ ലോകാത്ഭുതമാണ് കേരളത്തിലെ സാംസ്കാരിക രംഗത്തെ ഈ പ്രതിഭാസം.

സർക്കാറാഫീസിൽ/സർക്കാർ സ്കൂളിൽ ഒരു സാദാ ശിപ്പായിയുടെ പണിയെങ്കിലും ലഭിക്കണമെങ്കിൽ പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പൊതു മത്സരപ്പരീക്ഷയിൽ ഉയർന്ന റാങ്കു നേടണം. പ്രത്യേകിച്ചും സമ്പൂർണ്ണ സാക്ഷരതയുണ്ടെന്ന കേരളത്തിലിത് കടുത്ത ഒരു മത്സരപരീക്ഷ തന്നെയാണ് എന്നിരിക്കെ സർക്കാർ നിശ്ചയിച്ച മിനിമം അക്കാദമിക യോഗ്യതയുണ്ടെന്ന് അടയാളപ്പെടുത്തിയ കടലാസുണ്ടെങ്കിൽ പിന്നെ യാതൊരുവിധ പൊതു മത്സരപരീക്ഷക്കും, വ്യക്തിതലവൈദഗ്ധ്യ/പ്രാപ്തി പരിശോധനകൾക്കും വിധേയനാ/വിധേയയാകേണ്ടതില്ലെന്ന നിലയിൽ സമ്പാദി

ക്കാവുന്ന ഒരു തൊഴിലായി മാറിയതെങ്ങെനെയാണ് നമ്മുടെ നാട്ടിൽ പൊതുവിൽ എയിഡഡ് സ്വകാര്യ മാനേജ്മെന്റ് സ്കൂളിലെ അധ്യാപകവൃത്തി?

ഇങ്ങനെ മാറിയെന്ന് മാത്രമല്ല അത്തരമൊരവസ്ഥ ദശകങ്ങളായി തുടരുകയും അതിന്റെ ഉള്ളടക്കം കച്ചവടാസക്തിയാൽ അധികമധികം വഷളായി വരികയുമാണ്. വ്യക്തിയുടെ മാത്രമല്ല തലമുറകളുടെയും നാടിന്റെ തന്നെയും ഭാവി പുഴുകുത്തി പോകാനിടയുള്ളത്ര അപകടകരമായ ഒരുപ സാദ്ധ്യതയിലേയ്ക്ക് തുറന്നിട്ട വാതിലായി മാറുകയല്ലേ തുടക്കത്തിൽ പറഞ്ഞ വിധത്തിൽ അധ്യാപക തൊഴിലിലേക്കുള്ള ഈ കാശുകൊടുത്തുകയറ്റൽ? (നന്നെ ചുരുക്കം ചില എയിഡഡ് സ്കൂളുകളിലെങ്കിലും കാശുവാങ്ങാതെ അധ്യാപകനാവാനുള്ളവരുടെ കഴിവുകൂടി പരിപരിച്ച് മാന്യമായ രീതിയിൽ നിയമനം നടത്തുന്നുണ്ടെന്ന വസ്തുത വിസ്മരിക്കുന്നില്ല). കാശുകൊടുത്ത് അധ്യാപകവൃത്തിയിലേയ്ക്ക് വന്നവരിൽ ചുരുക്കം ചിലരെങ്കിലും ആ പ്രവൃത്തിക്ക് സർവ്വഥാ യോഗ്യരും ഭംഗിയായി ജോലി നിർവ്വഹിക്കുന്നവരുമാണെന്ന സംഗതിയും മറന്നുകൂടാ. സർക്കാർ സ്കൂളുകൾ ന്യൂനതകളിൽ നിന്നും മുക്തമാണെന്നും അർത്ഥമാക്കുന്നില്ല. എന്നാൽ ഏറ്റവും ഉത്കണ്ഠാകുലമായ സംഗതി കേരളത്തിലെ സ്കൂൾ കോളേജ് മേഖലയിലെ മുഖ്യധാരയായ എയിഡഡ് സ്വകാര്യ മാനേജ്മെന്റ് വിദ്യഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോഴും ഒട്ടും സുതാര്യമല്ലാത്തതും അപേക്ഷകന്റെ വ്യക്തിതല വൈദഗ്ധ്യവും കാര്യക്ഷമതയും ഒരു നിലയ്ക്കും പരിശോധിക്കപ്പെടാതെ പോകുന്നതും അധ്യാപക ജോലി ഏറ്റവും കൂടിയ തുകയ്ക്ക് ലേലത്തിൽ പോകുന്നതുമായ (ഒരു പ്രബുദ്ധ സമൂഹത്തിന് ഏറ്റവും അപമാനകരവും സമൂഹഭാവിക്ക് അപകടകരവുമായ) സാഹചര്യം മാറാൻ കൂട്ടാക്കാതെ നിലനിൽക്കുന്നു എന്നതാണ്. അന്താരാഷ്ട്രതലത്തിൽ പ്രിപ്രൈമറി മുതൽ ബിരുദ/ബിരുദാനന്തരം വരെയുള്ള അധ്യപകർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള യോഗ്യതകളും അവരുടെ നിയമന രീതികളും അവരുടെ തൊഴിൽ നിർവ്വഹണകാര്യശേഷി പരിശോധിക്കപ്പെടുന്ന വിധവും നന്നായി മനസ്സിലാക്കിയാൽ മാത്രമേ ഇക്കാര്യത്തിൽ നമ്മുടെ സമീപനം ക്രൂരമാംവിധം ബോധഹീനവും ഉദാസീനവും ആത്മഹത്യാപരവുമാണെന്ന് തിരിച്ചറിയൂ.

കഴിവുള്ളവരും ഇല്ലാത്തവരും എല്ലാ തൊഴിൽ രംഗത്തുമില്ലേ എന്ന സാമാന്യ യുക്തി കൊണ്ട് ഈ അവസ്ഥയെ ന്യായീകരിക്കാനാവില്ല. സർഗ്ഗശേഷി കുറഞ്ഞ ഒരാളെപ്പോലും വെച്ചുപൊറുപ്പിച്ചുകൂടാത്തത്ര കുറ്റമറ്റതായിരിക്കണം അധ്യാപനരംഗം; പ്രത്യേകിച്ച് സ്കൂൾ മേഖല. ആകാശത്തിലൂടെ പറത്താനുള്ള ഒരു യാത്രാവിമാനത്തിന്റെ നിർമ്മിതി പോലെ കുറ്റമറ്റതും കാര്യക്ഷമവുമായിരിക്കണം ഒരധ്യാപകന്റെ നിർമ്മിതി എന്നും വിമാനം പറത്തിക്കലിന് തുല്യമായ ജാഗ്രതയോടെ നിർവ്വഹിക്കേണ്ടതാണ് അധ്യാപനം എന്നും ബാർക്കിലെ(ബാബ അറ്റോമിക്ക് റിസർച്ച് സെന്റർ -മുംബൈ) ന്യൂക്ളിയർ ശാസ്ത്രജ്ഞനായിരുന്ന ടി.എം ജയരാജൻ സർ ഒരു പരിശീലനക്ളാസ്സിൽ പറഞ്ഞുകേട്ടതോർമ്മവരികയാണ്.

> എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്? എന്നൊരു നൂറുകൂട്ടം ചോദ്യങ്ങളുന്നയിപ്പിച്ച് ഒരു സമൂഹത്തിന്റെ ബോധത്തെ, ബോധനരീതിയെ യുക്തിസഹമാക്കാൻ ശ്രമിച്ച ശാസ്ത്ര സാഹിത്യ പരിഷത്ത് പോലെയുള്ള സംഘടനകളുണ്ടായിട്ട് പോലും വിദ്യാഭ്യാസ മേഖലയിലെ നാനാവിധത്തിലുള്ള കച്ചവടപ്രവണതകൾ ദുർബലപ്പെടുകയല്ല, മറിച്ച് ശക്തിപ്പെടുകയാണുണ്ടായത് എന്നതാണ് വേദനാകരം

ഇക്കാലത്ത് വളർന്നുവരുന്ന കുട്ടികൾ അഭിമുഖീകരിക്കുന്ന ലോകത്തിന്റെ സങ്കീർണതകളെയും വെല്ലുവിളികളെയും തരണം ചെയ്യാൻ മാത്രം അവരെ പ്രാപ്തമാക്കുന്ന തരത്തിൽ കുട്ടികളെ മെനഞ്ഞെടുക്കാൻ വേണ്ട സർഗ്ഗശേഷിയും ജ്ഞാനഗരിമയും പ്രത്യുല്പ്പന്നമതിത്വവുമുള്ള അധ്യാപകരെയാണ് കാലം ഏറെ ആവശ്യപ്പെടുന്നത്. ആവശ്യം അതായിരിക്കെ യഥാർത്ഥ അവസ്ഥ എത്രമേൽ ദയനീയമാണ് എന്നറിയണമെങ്കിൽ നമ്മുടെ വിദ്യാലയങ്ങളിലേയ്ക്ക് നേരിട്ടിറങ്ങി ഒന്നു വിലയിരുത്തിയാൽ മനസ്സിലാക്കാനാകും. കുട്ടികളും അധ്യാപകരും രക്ഷിതാക്കളുമടങ്ങുന്ന സമൂഹത്തിലെ ഓരോരുത്തരും വ്യക്തിപരമായി നിലനിൽക്കുന്ന വ്യവസ്ഥയുടെ ഇരകളാണ് എന്നതിനാൽ വ്യക്തിപരമായി ആരെയും കുറ്റപ്പെടുത്താനാകില്ല.

ഗുണദോഷങ്ങൾ തിരിച്ചറിഞ്ഞ് വ്യവസ്ഥയെ മാറ്റിയെടുക്കേണ്ടത് അതിന് ഉത്തരവാദിത്തപ്പെട്ട അധികാരികളുടെ ഇച്ഛാശക്തിയിലൂടെയാണ്. നമുക്കില്ലാതെ പോകുന്നതും ആ ഇച്ഛാശക്തിയാണ്. എന്തുകൊണ്ടെന്തുകൊ



ണ്ടെന്തുകൊണ്ട്? എന്നൊരു നൂറുകൂട്ടം ചോദ്യങ്ങളുന്നയിപ്പിച്ച് ഒരു സമൂഹത്തിന്റെ ബോധത്തെ, ബോധനരീതിയെ യുക്തിസഹമാക്കാൻ ശ്രമിച്ച ശാസ്ത്ര സാഹിത്യ പരിഷത്ത് പോലെയുള്ള സംഘടനകളുണ്ടായിട്ടുപോലും വിദ്യാഭ്യാസ മേഖലയിലെ നാനാവിധത്തിലുള്ള കച്ചവടപ്രവണതകൾ ദുർബലപ്പെടുകയല്ല, മറിച്ച് ശക്തിപ്പെടുകയാണുണ്ടായത് എന്നതാണ് വേദനാകരം! അതെന്തുകൊണ്ട് എന്ന മറ്റെല്ലാ ചോദ്യങ്ങളും ഉള്ളടങ്ങുന്ന ചോദ്യത്തിന്റെ ഉത്തരം രാഷ്ട്രീയമായ ഉത്തരം തന്നയാണ്. അത് പറയേണ്ടത് നാടു ഭരിച്ചവരും ഭരിക്കുന്നവരുമാണ്. ചരിത്രം പരിശോധിക്കുന്നവർക്ക് ഉത്തരം സ്വയം കണ്ടെത്താനുമാകും.

വിദ്യാഭ്യാസരംഗത്ത് സർക്കാർ ഇടപെൽ മിക്കവാറും ഇല്ലാതിരുന്ന സ്വതന്ത്രപൂർവ്വ കാലത്ത് അക്ഷരസ്നേഹികളും പ്രബുദ്ധരുമായിരുന്ന നാട്ടെഴുത്തച്ഛൻമാർ വിശാലമനസ്സോടെ തുടങ്ങിവെച്ച നാട്ടുപള്ളിക്കൂടങ്ങളാണല്ലോ പിൽക്കാലത്ത് എയിഡഡ് സ്വകാര്യ വിദ്യാലയങ്ങളായി മാറിയത്. കാലം മാറിയപ്പോൾ സ്കൂൾ മാനേജ്മെന്റുകളും മാറി. അക്ഷരത്തേയും സമൂഹത്തെയും സ്നേഹിച്ച നാട്ടെഴുത്തച്ചൻമാരിൽ നിന്നും വിദ്യാലയങ്ങളുടെ ഉടമസ്ഥത കള്ളപ്പണമോ വെള്ളപ്പണമോ യഥേഷ്ടമുള്ള കറയറ്റ കച്ചവടക്കാരിലേക്ക് ചെന്നുചേർന്നു. കേരളത്തിലുടനീളമുള്ള സ്വകാര്യ സ്കൂൾ കച്ചവടക്കൈമാറ്റങ്ങളെക്കുറിച്ച് ഒരു പഠനം നടത്തിയാൽ ഇതിന്റെ ദിശയും ആഴവും പരപ്പും ബോധ്യമാകും.

സമൂഹത്തെ ഉദ്ബുദ്ധമാക്കാനുള്ള ഒരക്ഷരസപര്യയാണോ നിങ്ങളുടേത് എന്ന് ചോദിച്ചാൽ ഇന്നത്തെ സ്കൂളുടമ തന്നെ ചിരിക്കും. (സ്കൂളിനെ ശരിയായ അർത്ഥത്തിൽ കാണുന്ന വളരെ ചുരുക്കം ഉടമകൾ ഉണ്ട് എന്ന കാര്യം ഇവിടെ പറയാതിരുന്നുകൂടാ.)

സ്കൂൾ സ്ഥലവും കെട്ടിടവും അടങ്ങുന്ന റിയൽ എസ്റ്റേറ്റിന്റെ മതിപ്പു വിലയും, അധ്യാപക നിയമനത്തിലൂടെ തരമാകുന്ന കോഴപ്പണവും കൃത്യമായും താരതമ്യം ചെയ്തും കണക്കുകൂട്ടിയും തന്നെയാണ് സ്കൂൾ നിലനിർത്തണമോ ഭൂമിയും കെട്ടിടവും വിറ്റു കാശാക്കണോ എന്നതിൽ രണ്ടിലൊരു തീരുമാനത്തിലേയ്ക്ക് ഉടമസ്ഥർ എത്തിച്ചേരുന്നത്! നിരങ്കുശമായ ഈ കച്ചവട സ്ഥിതിക്ക് നിരൂപാധികം വഴങ്ങിക്കൊടുക്കണമോ എന്നത് കൃത്യമായ ഒരു രാഷ്ട്രീയ ചോദ്യമാണ്. അതിനുള്ള ഉത്തരവും രാഷ്ട്രീയമായതാണ്. നമ്മുടെ രാഷ്ട്രീയ പ്രബുദ്ധത മാറ്റുരക്കപ്പെടുന്ന ഉത്തരമായിരിക്കും അതെന്ന കാര്യത്തിലും സംശയമില്ല.

**അടിക്കുറിപ്പ്**

ഭൂമിയിലെ ഏറ്റവും വിലപിടിച്ച നിത്യഹരിത വനങ്ങൾ സ്വകാര്യ വ്യക്തികൾ തേയില/കാപ്പി/ഏലത്തോട്ടങ്ങളാക്കി നൂറ്റാണ്ടുകളോളം കൈവശപ്പെടുത്തിയിരിക്കുന്നത് നിസ്സാരമായ പാട്ടത്തിനാണ്. സർക്കാർ നിയമങ്ങൾക്കു വിധേയമായി പതിറ്റാണ്ടുകളോളം സ്കൂൾ നടത്തി അതിന്റെ ഗുണദോഷങ്ങൾ (എന്ത് ദോഷം? ഗുണം മാത്രം!) അനുഭവിച്ചുവന്ന അവയുടെ ഉടമകൾ ഒരു സുപ്രഭാതത്തിൽ സ്കൂളിനെ വെറും റിയൽ എസ്റ്റേറ്റായി കണ്ട് കച്ചവടമാക്കുവാനോ ഇഷ്ടം പോലെ അടച്ചുപൂട്ടുവാനോ ഈ നാട്ടിലെ നിയമങ്ങൾ അവരെ അനുവദിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അത് തടയുവാനും ഉടമയ്ക്ക് നിസ്സാര പാട്ടം നൽകി സ്കൂൾ ഏറ്റെടുക്കുവാനും ആവശ്യമെങ്കിൽ പുതിയ നിയമങ്ങൾ ഉണ്ടാക്കിക്കൊണ്ടുതന്നെ നമുക്കു സാധിക്കേണ്ടതല്ലേ. ഒപ്പം അധ്യാപക പരിശീലന നിയമന രീതികൾ അടിമുടി കാലോചിതമായി അഴിച്ചു പണിയേണ്ടതും അനിവാര്യം. ■